



# നരകം

# നരകം

(നാടകം)

നാരായണൻ, കോലഴി

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1981 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കൊടാകുളത്തുനിന്നും
കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ നിന്നും
തൃശ്ശൂർ വരെ ഓരോ ശാസ്ത്രകലാ ജാഥകൾ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ ഒരു
നാടകമാണ് നരകം.

NARAKAM

Narayanan, Kolazhi
Published in September 1981
Published and distributed by
Kerala Sastra Sahitya Parishad
Quilon 691013

Printed at: Swaraj Press&Publications, Trivandrum

Cover: Chandranandan
Price: Re 1-00

K S S P 170/81 $SKJ_8$ FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

# നരകം

[തുറസായ രംഗവേദി. അതിൻെറ വളരെ പിന്നിൽ നിന്നും ബഫൂൺ വരുന്നു. നീണ്ടതൊപ്പി ധരിച്ചിരിക്കുന്നു. തൊപ്പിയൂരി മെഗഫോണായി ഉപയോഗിച്ചുകൊണ്ട് അനൗൺസ് ചെയ്യുന്നു.]

ബഫൂൺ:— മാന്യമഹാ ജനങ്ങളേ, കാണികളേ, ഓഡിയൻസേ! ഞങ്ങളുടെ നാടകം ഏതാനും നിമിഷങ്ങൾക്കകം ആരംഭിക്കുകയായി. 'ഉർവശി.' (വായ് കൊണ്ട് 'ടേങ്' ശബ്ദമുണ്ടാക്കുന്നു.) സാമൂഹ്യ—സംഗീത—സ്റ്റണ്ട്—സെക്സ് പുണ്യപുരാണ—കളർസ്കോപ്പ് നാടകം! 'A'! ('ടേങ്' ശബ്ദം) പ്രസിദ്ധ നടീനടന്മാർ ഒന്നിച്ചണിനിരക്കുന്നു. (ടേങ് ശബ്ദം) കലാഹൃദയരെ! അക്ഷമരായിരിക്കുവിൻ!

[ഇങ്ങനെ അനൗൺസ് ചെയ്തുകൊണ്ട് ആക്ടിംഗ് ഏരിയയിലേക്ക് വരുന്നു. ചുറ്റിനടന്ന് സദസിനെ വന്ദിച്ച്—]

സഭയോർകളേ വണക്കം! ഞങ്ങളുടെ ഉർവശി എന്ന നാടകം ആരംഭിക്കാൻ പോവുകയാണ്.

[ഒരു നടൻ ഓടി വരുന്നു.]

നടൻ: ഹ! എന്തുപണിയാണീക്കാണിച്ചത്?

ബഫൂൺ: ങൂം?

നടൻ: നിങ്ങൾ എന്താണനൗൺസ് ചെയ്തത്? ഉർവശിയല്ലിവിടെ കളിക്കുന്നത്.

ബഫൂൺ:– പിന്നെ–?

നടൻ: 'നരകം' അഥവാ 'ധർമാശുപത്രി.'

ബഫൂൺ: 'നരകം'! ഓ....

[നടൻ ബഫൂണിനോട് എന്തോ രഹസ്യം പറഞ്ഞു പോകുന്നു.]

[ബഫൂൺ സദസിൻെറ നേരേ തിരിഞ്ഞ്.]

ക്ഷമിക്കണം സദസ്യരെ. ഉർവശി ചില കാരണങ്ങളാൽ മാററിവയ്ക്കേണ്ടി വന്നിരിക്കുന്നു. ഇന്നത്തെ കളി 'നരകം.' ഈ ഭൂമി തന്നെ നരകമാണല്ലോ. പിന്നെന്തിന് 'നരകം' എന്ന നാടകം കാണണമെന്നായിരിക്കും നിങ്ങൾ വിചാരിക്കുന്നത്. അതുകൊണ്ടാണ് 'അഥവാ ധർമാശുപത്രി' എന്നു കൂടി കൂട്ടിച്ചേർത്തത്. ഇതിൻെറ ഭാരവാഹികൾക്കാണെങ്കിൽ ഈ നാടകം തന്നെ കളിക്കണമെന്ന്നിർബന്ധവും. തികച്ചും പുതുമയോ

ടുകൂടിത്തന്നെ ഞങ്ങൾ അവതരിപ്പിക്കാനും ശ്രമിക്കാം. ഇതൊക്കെപ്പറയാൻ ഞാൻ ആരാണെന്നല്ലേ? അയാം എ ബഫൂൺ. കോമാളി. വെറുമൊരു കോമാളി!

'എന്തും ചെയ്യാം മഹതാം;

എന്തും ചെയ്യാം വഷളാം.'—എന്നാണല്ലോ പ്രമാണം. രോഗി ഇച്ഛിച്ചതും പാല് വൈദ്യൻ കൽപിച്ചതും പാല്. അതുപോലെയാണ് എൻെറ കാര്യവും. മിനിഞ്ഞാന്നാണ് ഞാൻ ഒരു ധർമാശുപത്രിയിൽ നിന്ന് പേരുവെട്ടി പോന്നത്. ഇതുതന്നെ കളിക്കണമെന്ന് പറഞ്ഞപ്പോൾ എനിക്ക് സന്തോഷമായി. കാരണം എൻെറ പങ്ക് ഇതിൽ അനൗൺസ് ചെയ്യലും രംഗബോധമുണ്ടാക്കലുമാണ്. എനിക്കാണെങ്കിൽ പുതിയ അനുഭവങ്ങൾ കിട്ടിയിരിക്കുകയും. ഓ! സമയം കുറെ ആയല്ലോ എൻെറ ഈ 'ലാത്തി.'

നാടകം തുടങ്ങാം.

[പിന്നിലേക്ക് നോക്കി വിളിച്ചു ചോദിക്കുന്നു].

എല്ലാം ശരിയായില്ലേ?

['ഉവ്വ്" എന്ന് ശബ്ദം. ബഫൂൺ ചുററും നടന്ന് നടിച്ച്].

ഇതാണ് ധർമാശുപത്രി. ഹോ! എ

ന്തൊരു ദുർഗന്ധം....എന്തൊരു വൃത്തികേട്....വെള്ളവും വെളിച്ചവും വല്ലപ്പോഴുമേ കിട്ടൂ.

[നടന്ന് എന്തോ കണ്ടതുപോലെ ഓഡിയൻസിനോട്].

അതാ കണ്ടോ, പ്ലാസ്ററർ കഷ്ണങ്ങളും മുറിവ് കെട്ടിയ തുണിയും പഞ്ഞിയുമെല്ലാം ചീഞ്ഞ് കിടക്കുന്നത് കണ്ടില്ലേ!

[വീണ്ടും നടന്ന് ദൂരെ സൂക്ഷിച്ച് നോക്കിയിട്ട്]

ആ പോകുന്നവരാണ് ഇവിടത്തെ പരിചാരകന്മാർ. ഡോക്ടർമാരേക്കാരം അഹങ്കാരണവർക്ക്. അവരുടെ തണ്ടും ശബ്ദവും കണ്ടില്ലേ? കണ്ടോ കണ്ടോ ആ സാധുസ്ത്രീയോട് കയർക്കുന്നത്?

[സദസ്സിൽ നിന്നും എന്തോ കേട്ടതുപോലെ ശ്രദ്ധിച്ച്]

ഏ? എന്തിനാണെന്നോ? അതിന് പ്രത്യേകിച്ചൊരു കാര്യവും വേണ്ടല്ലോ. ആ സ്ത്രീയുടെ വല്ലവരേയും സ്ട്രെച്ചറിൽ മുറിലേക്കോ മറേറാ കൊണ്ടുപോയിക്കാണും. തൊട്ടതിനും പിടിച്ചതിനുമെല്ലാം പൈസകൊടുത്താലല്ലേ ഇവിടെ കാര്യം നേടൂ? പൈസ ചോദിച്ചുവാങ്ങുകയാണ്!

[വീണ്ടും സദസ്സിൽ നിന്ന് എന്തോ ചോദ്യം കേട്ടിട്ടെന്നപോലെ]

ഹഹ! ശമ്പളമില്ലേ എന്നോ? ഇതെന്തൊരു ചോദ്യമാണ്—? 'കിമ്പള'മില്ലാതെ വല്ല കാര്യവും നടക്കുമോ?

[നടന്ന് പുറമേ ശ്രദ്ധിച്ച്]

ആരോ ഇങ്ങോട്ടുവരുന്നു. നമുക്ക് വിശേഷങ്ങരം ചോദിക്കാം.

[വളരെ ക്ഷീണിതനായ മകനും വൃദ്ധനായ അച്ഛനും വരുന്നു.]

ബഫൂൺ: നിങ്ങളെവിടേയ്ക്കാ മടങ്ങിപ്പോകുന്നത്?

വൃദ്ധൻ: ഞങ്ങരം അവിടെ എത്രനേരമായി ഇരിക്കുന്നു. ഇതുവരേയും ഡാക്കിട്ടര് വന്നിട്ടില്ല.

ബഫൂൺ: ഇതുവരെയും വന്നിട്ടില്ലേ?

വൃദ്ധൻ: ഇല്ല. കാലത്തെ കാപ്പിവെള്ളം പോലും കുടിച്ചിട്ടില്ല. ഒരു തുള്ളി ചൂട് വെള്ളം മോന്താം എന്നുവച്ച് പോവുകയാണ്.

ബഫൂൺ; ജോലി വല്ലതുമുണ്ടോ?

വൃദ്ധൻ: കൂലിപ്പണിയാ. വീട്ടില്പോയി കാശുകൊടുത്താലേ ഡാക്കിട്ടരെ വെട്ടെന്ന് കാണാൻ പററൂ എന്ന് ആളുകള് പറയുന്നു.

ബഫൂൺ. ആ— ശരിയാ. നിങ്ങരം പോയിക്കണ്ടോ?

വൃദ്ധൻ. എങ്ങനെ കാണാനാ? പൈസവേണ്ടേ? കുറച്ച് കൊടുത്താൽ പോരാ. ഇരുപത്തഞ്ച് രൂപയിൽ കുറച്ച്കൊടുത്താൽ വാങ്ങിക്കില്ലത്രേ. അരിവാങ്ങാൻ തന്നെ പൈസയില്ല. പാവങ്ങൾക്ക് രോഗം വന്നാൽ മരിക്കതന്നെ നിവൃത്തിയുള്ളു.

ബഫൂൺ: വീട്ടിൽ ആരൊക്കെയുണ്ട്?

വൃദ്ധൻ: മൂത്തമകനെ ഒരുവിധം പത്താംക്ലാസ്വരെ പഠിപ്പിച്ചു. അവൻെറ താഴെ ഇവൻ. അതിനും താഴെ ഒരെണ്ണം. ഒരു ജോലി കിട്ടണമെങ്കിൽ എന്താപാട്....കാശൊള്ളോർക്കല്ലേ ജോലിയുള്ളൂ? എന്തു പഠിച്ചിട്ടെന്താ കാര്യം?

മകൻ: വരൂ അച്ഛാ.

വൃദ്ധൻ: ഞങ്ങൾ നടക്കട്ടെ. ഡാക്കിട്ടര് വരുമ്പോഴേക്കും മടങ്ങിയെത്തണം. [നടക്കുന്നു.]

ബഫൂൺ: ശരി ശരി. താമസിക്കേണ്ട. പെട്ടെന്ന് വന്നോളൂ. അല്ലെങ്കിൽ അവിടെ തെരക്കു കൂടും.

[രണ്ടുപേരും പോകുന്നത് നോക്കിനിന്നിട്ട്]

ഹൊ ! പാവങ്ങൾ. ഇങ്ങനെയെത്ര എത്ര....? പാവങ്ങൾക്ക് രോഗം, വാർധക്യം....ങ്ഹാ....

[ചുററിനടന്ന് പലതും കാണുന്നതായി നടിച്ച്]

ഓ. ആ കാണുന്നതാണ് ഓ. പി. എന്ന ഓമനപ്പേരിലറിയപ്പെടുന്ന ഔട്ട്പേഷ്യൻറ് യൂണിററ്.

[നടന്ന് സദസിനെ ശ്രദ്ധിച്ച്]

ഈ പാവങ്ങളുടെ കയ്യിൽ നിന്നും പൈസ വാങ്ങാൻ എങ്ങനെ മനസു വരുന്നുവെന്നോ? അതാണിവിടുത്തെ ജീവികൾ. ഹൃദയശൂന്യർ.

[പുറമേ സൂക്ഷിച്ച്]

അതാ ഡോക്ടർ വരുന്നെന്നു തോന്നുന്നു. നമുക്ക് കാര്യങ്ങൾ നോക്കിക്കാണാം.

[ടോൺ മാററി.]

നാട്യമാണെങ്കിലും ഒ. പി. യാണെന്നു തോന്നിപ്പിക്കുകയും വേണമല്ലോ. ഹേ വിജയൻ എല്ലാം ശരിയായില്ലേ? ആ സാധനങ്ങളെടുത്ത് രംഗത്തു വയ്ക്കൂ.

[പരിചാരകൻെറ വേഷം ധരിച്ച നടനും ബഹൂണുംകൂടി ഓ. പി. യുടെ അന്തരീക്ഷമുണ്ടാക്കുന്നു.] രണ്ടു കസേര കൊണ്ടിടുന്നു. മേശയും മററും കൊണ്ടിട്ടതായി നടിക്കുന്നു.]

ബഹൂൺ: ഇപ്പോൾ എൻെറ ജോലിതീർന്നു. ഇനി അവർ നടിക്കട്ടെ. ഞാൻ പോകുന്നു.

[പോകുന്നു.]

പരിചാരകൻ: [സാധനങ്ങളെല്ലാം ശരിയാക്കി മുന്നിൽവന്ന് രോഗികളോടെന്നപോലെ]

എല്ലാവരും മിണ്ടാതിരിക്കണം. തിക്കും തിരക്കും കൂട്ടാൻ ഇതെന്താ വല്ല ചന്തസ്ഥലമോ മററോ ആണോ? ഹേ, അവിടുന്നിറങ്ങിയിരിക്ക്. എടോ തന്നോടാ പറഞ്ഞത് ഇറങ്ങിയിരിക്കാൻ, നശിച്ച കൂട്ടങ്ങാം.

[പുറമേ നോക്കി]

അതാ ഡോക്ടർ വരുന്നു, മാറിനിക്കെടോ. ശബ്ദമെടുത്ത് എൻെറ തൊണ്ട വററി.

(സാധനങ്ങളെല്ലാം ഒതുക്കിവച്ച് നിൽക്കുമ്പോഠം ഡോക്ർ വരുന്നു. കസേരയിൽ ഇരിക്കുന്നു.)

പരി: ഗുഡ്മോണിംഗ് സാർ.

ഡോ: എന്നെ അന്വേഷിച്ച് പ്രത്യേകിച്ച് ആരെങ്കിലും വന്നിരുന്നോ?

പരി: ഇല്ല സാർ.

ഡോ: പുറത്തുള്ളവർ ഓരോരുത്തരായി കയറിവരാൻ പറയൂ.

(പരിചാരകൻ നമ്പർ വിളിക്കുന്നു. ആദ്യംവന്ന അച്ഛനും മകനും വരുന്നു.)

പരി: അങ്ങോട്ടു ചെല്ല്.

ഡോ: ഇരിക്ക്.

(മകൻ ഇരിക്കുന്നു.)

ഡോ: ഉം?

വൃദ്ധൻ: രണ്ടുദിവസമായി തീരെ സുഖമില്ല.

ഡോ: താനാണോ രോഗി?

(മകൻെറ നേരേ തിരിഞ്ഞ്)

എന്താണ് കുഴപ്പം?

വൃദ്ധൻ: ഇന്നലെ രണ്ടുവട്ടം ശർദ്ദിച്ചു ഡാക്ടറേ.

ഡോ: എന്നാൽ താൻ നോക്ക്.

[മകൻെറ നേർക്ക് വീണ്ടും തിരിഞ്ഞ് പരിശോധിക്കാൻ തുടങ്ങുന്നു. അപ്പോൾ സുമുഖനായ ഒരു ചെറുപ്പക്കാരൻ ഡോക്ടറുടെ അടുത്തെത്തി.]

ചെറുപ്പക്കാരൻ; ഗുഡ്മോണിംഗ് ഡോക്ടർ!

ഡോ: ഹായ്, വരണം വരണം.

[മകനോടും വൃദ്ധനോടുമായി] നിങ്ങൾ പുറത്തുപോയി നിൽക്കണം.

[മകൻ എഴുന്നേററ സീററിൽ ചെറുപ്പക്കാരൻ ഇരിക്കുന്നു. ഡോക്ടറും ചെറുപ്പക്കാരനും സംസാരിച്ചുകൊണ്ടിരിക്കുന്നു. അതിനിടയിൽ]

വൃദ്ധൻ: സാറേ ഞങ്ങൾ വളരെ നേരമായി വന്നിട്ട്.

ഡോ: പറഞ്ഞത് കേട്ടില്ലേ? പുറത്ത് പോയി നിൽക്ക്. കുറച്ചുകഴിഞ്ഞു വിളിക്കാം.

[വീണ്ടും ചെറുപ്പക്കാരനോട് തിരിഞ്ഞ് സംഭാഷണം.]

**വൃദ്ധൻ:** ഉച്ചയ്ക്ക് പണിക്ക് പോകണമെന്നുണ്ടായിരുന്നു സാറേ.

ഡോ: എന്നാൽ ഇപ്പോഴത്തന്നെ പോകരുതോ? തന്നോട് ആരെങ്കിലും ഇങ്ങോട്ട് വരാൻ പറഞ്ഞോ?

**വൃദ്ധൻ:** സാറേ....

ഡോ: പറഞ്ഞാൽ തനിക്ക് മനസിലാവില്ലേ? പുറത്തുപോകൂ. വിജയൻ!

[പരിചാരകൻ വന്ന്.]

പരി: എടോ, സാർ പറഞ്ഞത് കേട്ടില്ലേ? പുറത്തുപോയി നില്ക്കൂ.

[പരിചാരകൻ രണ്ടുപേരെയും പുറത്താക്കുന്നു.]

ഡോ: [ചെറുപ്പക്കാരനോടായി] എന്താണിത്ര വൈകിയത്?

ചെറു: ഒന്നും പറയണ്ട. വൈഫിനേയും കൂട്ടി ഷോപ്പിങ്ങിന് പോയതാ. വളരെ വൈകി. വല്ലപ്പോഴും നാട്ടിൽ വരുന്നതല്ലേ?

ഡോ: ഞാൻ വീട്ടിൽ വരണമെന്ന് വിചാരിച്ചതാ. അപ്പോഴേക്കും ഒരു കേസ്‌വന്നു.

ചെറുപ്പ: വന്നാലും എന്നെക്കാണില്ലായിരുന്നു.

ഡോ: അസുഖം ഇപ്പോഴ എങ്ങനെയുണ്ട്?

ചെറുപ്പ: കുറവുണ്ട്. പക്ഷെ ഇടയ്ക്കൊരു വേദന തോന്നും.

ഡോ: [പരിശോധിച്ച്] ഓ. പേടിക്കാനൊന്നുമില്ല. നിങ്ങൾ പേടിച്ചിട്ടാണ്. ഞാൻ പുതിയ രണ്ടുമരുന്ന് കുറിച്ചുതരാം.

[പരിചാരകനെ നോക്കി]

വിജയൻ, ഞാനിന്നലെ കൊണ്ടുവന്ന ആ മരുന്നിൽ നിന്ന് അഞ്ച്ക്യാപ്സ്യൂൾ എടുത്ത് പായ്ക്ക്ചെയ്തു കൊടക്കൂ.

[മരുന്ന് കുറിക്കുന്നു.]

ചെറുപ്പ: ഞാൻ ആ പുതിയ ടോണിക്ക് കഴിക്കുന്നുണ്ട്.

ഡോ: അത് നിർത്തണ്ടാ. (ലിസ്ററ് കൊടുത്ത്) ഇതുകൂടി കഴിച്ചാൽ മതി. ഒന്നും പേടിക്കണ്ട.

ചെറുപ്പ: അടുത്തയാഴ്ച മടങ്ങണം.

ഡോ: അപ്പോഴേക്കും പൂർണമായി മാറും. അല്ലെങ്കിൽ മാററും. ഞാനിവിടില്ലേ?

[ചിരിക്കുന്നു. പരിചാരകൻ മരുന്നു കൊടുക്കുന്നു,]

ചെറുപ്പ: പുറത്തു ഭയങ്കര തെരക്കാണല്ലോ. ഞാനിങ്ങോട്ടുകയറി വരുമ്പോൾ പലരും പിറുപിറുക്കുന്നത് കേട്ടു.

ഡോ: നാശങ്ങൾ! കാലത്ത് വലിഞ്ഞു കേറി വരും. ഞാനൊരൽപം താമസിച്ചു. ഞാൻ

നേരത്തെ പറഞ്ഞല്ലോ—വീട്ടിൽ ധാരാളം പേഷ്യൻസ് ഉണ്ടായിരുന്നു. എന്നിട്ടും കുറച്ചുപേരെ മടക്കിഅയച്ചു.

ചെറു: എന്നാൽ ഞാനിറങ്ങട്ടെ.

ഡോ: ശരി.

(ചെറുപ്പക്കാരൻ പൈസ കൊടുക്കുന്നു. ഡോക്ടർ വേണ്ട എന്നുപറഞ്ഞു കൊണ്ട് വാങ്ങുന്നു.)

ഡോ: എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ ഉടനെ അറിയിക്കണം. അമാന്തം കാണിക്കരുത്.

ചെറു: ശരിശരി. (പോകുന്നു. പഴയ വൃദ്ധനും മകനും വരുന്നു.)

ഡോ: ഇരിക്ക്. (മകൻ ഇരിക്കുന്നു. പരിശോധിക്കുന്നു.)

ഡോ: ഇവനെ ഇവിടെ അഡ്മിററ് ചെയ്യണം.

(മരുന്നുകുറിച്ച്)

ഈ മരുന്നൊക്കെ പുറമേന്ന് വാങ്ങി കൊടുക്കണം.

വൃദ്ധൻ. സാറേ, അതിന്....

ഡോ: ഏണ്ട്....അതിന്....

വൃദ്ധൻ: പണം കുറവാണ്. ഇവിടുന്നെന്തെങ്കിലും....

ഡോ: ഈ മരുന്നുകളൊന്നും ഇവിടില്ല. പിന്നെ ഒരു എക്സറേ എടുക്കണം. ചിലപ്പോഴൊരോപ്പറേഷനും വേണ്ടിവരും.

വൃദ്ധൻ: സാറേ അതിന്..

ഡോ: ഇതൽപം സീരിയസാടോ.

(പരിചാരകനെ വിളിച്ച്)

ഡോ: വിജയൻ, ഇവനെ അഡ്മിററ് ചെയ്യാൻ പറയൂ.

പരി. ങും..നടക്ക്..ലിസ്ററ് എടുത്തില്ലേ? ഇതിലെ അങ്ങോട്ടുപോയി ആ മുറിയിൽ പറഞ്ഞാൽ മതി.

വൃദ്ധൻ: ഏതാ സാറേ?

പരി: (ചൂണ്ടിക്കൊണ്ട്) ആ കാണുന്നില്ലേ ആ നേഴ്സുമാർ നിൽക്കുന്നത്. തനിക്ക് കണ്ണുകാണുന്നില്ലേ? നടക്ക് നടക്ക്. പെട്ടോ. (പോകുന്നു.)

(ഈ സമയം ഒരു മെഡിക്കൽ റപ്രസ ൻേററീവ് വരുന്നു.)

മെ. റി: ഗുഡ്മോണിംഗ് ഡോക്ടർ.

ഡോ; ഗുഡ്മോണിംഗ്. ഇരിക്കൂ.

മെ. റെപ്; (ഇരുന്നിട്ട്) ഞാനിന്നലെ വീട്ടിൽ വന്നിരുന്നു.

ഡോ: ഓ. മനസ്സിലായി.'ബയർ' കമ്പനി, വൈഫ് പറഞ്ഞിരുന്നു.

മെ. റപ്രെ: അതേ അതേ. തങ്കപ്പൻ.

ഡോ: ആ മരുന്നെല്ലാം ഞാൻ കുറിക്കുന്നുണ്ട്. പേടിക്കണ്ടാ. അതെല്ലാം നമുക്ക് ചെലവാക്കാം.

മെഡി. റപ്രെ: ഫ്രിഡ്ജ് ഞാൻ സാറിൻെറ വീട്ടിൽ എത്തിച്ചിട്ടുണ്ട്.

ഡോ: ഓ. അതിൻെറ ഒന്നും ആവശ്യമുണ്ടായിരുന്നില്ല. വീട്ടിൽ ഒന്നുണ്ടായിരുന്നു. ആ ഏതാ കമ്പനി?

മെഡി. റപ്രെ: വോൾട്ടാസ്. നല്ല കമ്പനിയാണ്.

ഡോ: പുതിയ വല്ല മരുന്നും ഇറക്കുന്നുണ്ടാവും അല്ലേ ?

മെഡി. റപ്രെ: അതുകൊണ്ടാണല്ലോ..... (അഞ്ചാറു പുതിയ മരുന്നുകളുടെ പാംലെറ്റ്സ് എടുത്ത് കാണിച്ച് പറഞ്ഞുകൊണ്ടുന്നു.) ഇതെല്ലാമാണ് പുതിയവ.

ഡോ: അതൊക്കെ നമുക്ക് ചെലവാക്കാം. പിന്നൊരുകാര്യം. ഈ ഫ്രിഡ്ജിലെങ്ങും ഒതുങ്ങുന്ന കാര്യമല്ല ഞാൻ ചെയ്യുന്നത്. ഞാൻ കണക്കു പറയുകയാണെന്നു കരുതരുത്: എല്ലാവർക്കും ഞാൻ ടോണിക്കിന് കുറിച്ചുകൊടുക്കുന്നുണ്ട്.

മെഡി. റപ്രെ: എനിക്കറിയാം സാർ. ഞങ്ങൾക്ക് അതിൻെറ വിവരങ്ങളെല്ലാം കിട്ടു

ന്നുണ്ട്. ഞങ്ങൾ ഒരു പുതിയ പരിപാടി ഇട്ടിട്ടുണ്ട്.

ഡോ: ങ്ഹും....?

മെഡി. റെപ്ര: സാറിൻെറ വീടൊന്ന് എയർ കണ്ടീഷൻ ചെയ്യാൻ.

ഡോ:—അതുവേണ്ട. മറെറാരു കമ്പനി അതു നേരത്തെ ചെയ്തുകഴിഞ്ഞു.

മെഡി. റെപ്ര: എന്നാൽ ഞങ്ങൾ എന്തുവേ വേണമെങ്കിലും ചെയ്യാം സാർ.

ഡോ: എൻെറ കാറിൻെറ മോഡൽ ഒന്നു മാററിയാൽ കൊള്ളാമെന്നുണ്ടായിരുന്നു.

മെഡി. റെപ്ര:— അതൊക്കെ ഞങ്ങളേററു. ഇതിവിടിരിക്കട്ടെ. (സാമ്പിളുകൾ കൊടുക്കുന്നു.)

എനിക്കൊരൽപം തിരക്കുണ്ട്. രണ്ടു മൂന്നു സ്ഥലത്തുകൂടി പോകാനുണ്ട്.

ഡോ: ശരി. എന്നാലങ്ങനെയാകട്ടെ.

(മെ. റപ്ര. നടക്കുന്നു.)

ഞാൻ പറഞ്ഞതോർമ്മവേണം..

മെഡി. റെപ്ര: ശരിസാർ. (പോകുന്നു.)

ഡോ: (ഫോൺചെയ്യുന്നു.) ഹലോ..യേസ്.. അതേ. ഡോക്ടർ. ഓ, ശരിശരി. നാളെ കാലത്തെ മതി. ഓ. ഇവിടെ വലിയ തെരക്കാണ്. നാശങ്ങൾ. അതേ അതേ. ശമ്പളം

വാങ്ങുന്നതല്ലേ, വന്നിരിക്കാതെ പററു മോ?....ഓ. ഇല്ല....ഒക്കെ ഈ കൂലിപ്പണി ക്കാരും മററുമല്ലേ? അത്യാവശ്യത്തിന്. ഓ.... കുഴപ്പമില്ല.... അഞ്ചുമണിക്കോ.... എലൈററിൽ? ശരിശരി. ഞാൻ വരാം.

(ഫോൺ വയ്ക്കുന്നു. ഒരാൾ കടന്നു വരുന്നു.)

ഡോ: ങും...?

ആഗതൻ: ഗുഡ്മോണിംഗ്.

ഡോ: ഗുഡ്മോണിംഗ്.

ആഗതൻ: ഡോക്ടർ വീടുവരെ ഒന്നുവരണം.

ഡോ: എന്താകാര്യം?

ആഗതൻ: ഡാഡിക്ക് തീരെ സുഖമില്ല.

ഡോ: ഇവിടെ ഭയങ്കര തിരക്കാണല്ലോ.

ആഗതൻ: ഞാൻ കാറുകൊണ്ടുവന്നിട്ടുണ്ട്. ഞാൻ കാലത്തെ വീട്ടിൽ വന്നിരുന്നു. അപ്പോഴേക്കും ഡോ: ഇറങ്ങിയിരുന്നു.

ഡോ: ഓ കാലത്തെ വീട്ടിൽ വന്നിരുന്നോ? എന്താ വീട്ടുപേര്?

ആഗ: 'മംഗലത്ത്.'

ഡോ: ഓ. ഭാസ്ക്കരൻമുതലാളീടെ വീടാ ണോ? അച്ഛനെ ഞാനറിയും. എന്തു പററി?

ആഗ: കാലത്തെ ഡാഡി ബാററുകളിച്ചുകൊ

ങ്ങിരുന്നപ്പോഴ കാലു് ഒന്നുതെന്നി. പെയിൻ ഉണ്ടെന്നാണ് തോന്നുന്നതു്.

ഡോ: ഞാനിതാ വരുന്നു: വിജയൻ! (വിളി കേട്ടു് പരിചാരകൻ വരുന്നു.)

പരി: സാർ!

ഡോ: ഞാനിപ്പോഴ വരാം. വല്ലവരുംവന്നാൽ ഇരിക്കാൻ പറയണം. പുറത്തുള്ളവരോട് മിണ്ടാതിരിക്കാൻ പറയൂ.

വിജ: ശരിസാർ.

ആഗ: വരൂ ഡോക്ടർ (രണ്ടുപേരും നടക്കു ന്നു. മുമ്പ്വന്ന വൃദ്ധൻ വരുന്നു.)

വൃദ്ധൻ: സാറേ...

ഡോ: ങ്ഉം?

വൃദ്ധൻ: അവന് കൂടുതലാ. അവിടെ കിട ത്തിയിട്ടുമില്ല. അവിടെ നേഴ്സുമാർ തമാശ പറഞ്ഞു ചിരിച്ചുകൊണ്ടിരിക്കുക യാ പറഞ്ഞപ്പോഴ കുറച്ചുകഴിയട്ടെന്നാ ണ് അവർ പറഞ്ഞത്.

ഡോ: ഞാൻ അത്യാവശ്യമായി ഒരിടംവരെ പോകയാണ്. നാശം! ഇപ്പോഴേ കൂടാൻ നേരം കണ്ടൊള്ളു.

വൃദ്ധൻ: സാറേ എങ്ങനെയെങ്കിലും ഒന്നു വന്നു നോക്കണം. അവന് തീരെ വയ്യാ ഞ്ഞിട്ടാണ് സാർ.

ഡോ: ഇതുവലിയ നാശമായല്ലോ. എടോ ഞാൻ കുറിച്ചുതന്ന മരുന്ന് വാങ്ങികൊടു ക്കൂ.

വൃദ്ധൻ: സാറേ, ഇവിടുന്നെന്തെങ്കിലും.... തൽക്കാലം കൊടുത്താൽ ഉപകാരമായിരുന്നു.

ഡോ: ഇവിടെ മരുന്നൊന്നുമില്ലെന്നു പറഞ്ഞില്ലേ?

ആഗ: പെട്ടെന്ന് വരൂ ഡോക്ടർ, എനിക്ക് ക്ളബിൽ എത്താൻ സമയമായി. ഫ്രെൻസ് കാത്തുനിൽക്കുന്നുണ്ട്.

ഡോ: ഇതാവരുന്നു. (വൃദ്ധനോട്) നിങ്ങൾ പൊയ്ക്കോളൂ. ഞാൻ വന്നിട്ട് നോക്കാം.

വൃദ്ധൻ: അവന് ശ്വാസംതീരെ കിട്ടുന്നില്ല. കിടന്ന് പിടയ്ക്കുകയാണ്. അവിടെ ഉള്ളവരോടൊക്കെ പറഞ്ഞിട്ടും ആരും തിരിഞ്ഞു നോക്കുന്നില്ല. സാറൊന്നു വന്നു നോക്കിയിട്ടുപോകണേ.

ഡോ: ഇതെന്തൊരുനാശമാണ്. അവന് അത്ര വലിയ കുഴപ്പമൊന്നുമില്ല. വിജയൻ. ഇയാളോട് പുറത്തുപോയി നിൽക്കാൻ പറയൂ. പറഞ്ഞാൽ മനസ്സിലാകാത്ത കൂട്ടങ്ങള്.

ആഗതൻ: വരൂ. ഡോക്ടർ. (രണ്ടുപേരും പോകുന്നു.)

വൃദ്ധൻ: (പരിചാരകനെ നോക്കി.)--സാറേ, സാറെങ്കിലും ഒന്നു വരൂ.

പരി: എടോ ഡോക്ടർ പറഞ്ഞതു കേട്ടില്ലേ? അവിടെ പോയിരിക്ക്. എനിക്കിവിടൽപം പണിയുണ്ട്. (കുറച്ചു മരുന്നുകളെ

ടുത്ത് മറുവശത്തേക്കു നടന്നു മറയുന്നു.)

വൃദ്ധൻ:— സാറേ, സാറേ....

(ആത്മഗതം.) ഇനി ആരോടു പറയാനാ....കാശില്ലാത്തത് ഞങ്ങളുടെ കുററമാണോ? ഈ നരകത്തിലേക്ക് വരാതിരിക്കയാണ് നല്ലത്. കണ്ണിൽ ചോരയില്ലാത്ത കാലൻമാര്.

(നടന്നുപോകുന്നു. ബഫൂൺ പ്രവേശിക്കുന്നു.)

ബഫൂൺ: കണ്ടില്ലേ, ആ വൃദ്ധൻെറ വിഷമം ആരോടു പറയാൻ. പാവം. ങ് ആ പണമുള്ളപ്പന് നിറമുള്ള മെത്ത.

(നടന്ന്, പുറമേ ശ്രദ്ധിച്ച്)

അതാ ആ വൃദ്ധൻ വരുന്നു. എന്താണാ മുഖത്ത് വലിയ വിഷമം?

(വൃദ്ധൻ വരുന്നു.)

നിങ്ങൾ എവിടേയ്ക്കാ. (വൃദ്ധൻ മിണ്ടാതെ നടക്കുന്നു.) പറയൂ, നിങ്ങൾ എവിടേയ്ക്കാ?

വൃദ്ധൻ: വണ്ടിവിളിക്കാൻ.

ബഫൂൺ: എന്തുപററി?

വൃദ്ധൻ: എൻെറ മോൻെറ ശവം കൊണ്ടുപോകാൻ. അവൻെറ ശവമെങ്കിലും എനിക്കീ നരകത്തിൽ നിന്നു രക്ഷപ്പെടുത്തണം.

(വേദിയിൽ നിന്ന് നടക്കുമ്പോൾ പിറുപിറുക്കുന്നു.)

ഞങ്ങളെല്ലാം പാവങ്ങളല്ലേ? അടിമകളല്ലേ? ചോദിക്കാനും പറയാനും ആരുമില്ലാത്തവർ. ഞങ്ങളെ ദ്രോഹിച്ചാൽ ആരു ചോദിക്കാനും പറയാനും. കണ്ണിൽ ചോരയില്ലാത്ത കാലമ്മാര്. (ജനങ്ങളുടെ ഇടയിലേക്ക് നടന്നുമറയുന്നു.)

ബഫൂൺ:– ധർമ്മാശുപത്രിയൊന്നും പാവങ്ങൾക്കല്ലാതായിരിക്കുന്നു. ഇനിയും എത്ര പേരാണ് ഇവിടെക്കിടന്ന് നരകിക്കുന്നത്? മനുഷ്യരുടെ വിഷമങ്ങൾ ഒന്നു തീർന്നുകാണാൻ, ഈ നരകത്തെ സ്വർഗമാക്കാൻ എന്തു ചെയ്യണം? നിങ്ങൾ ഉണർന്നു ചിന്തിക്കുവിൻ.

(ടോൺമാററി)

ഓ. ഞാനെന്തൊരു വിഢിയാണ്? ഇതു നാടകമല്ലേ? ഞാനോ വെറുമൊരു കോമാളി!

(തൊപ്പിയൂരി മെഗഫോണാക്കി) സുഹൃത്തുക്കളെ, ഞങ്ങളുടെ നരകം എന്ന നാടകം ഇവിടെ അവസാനിക്കുന്നില്ല. ബാക്കിഭാഗം നിങ്ങൾ നടിക്കുവിൻ.

നന്ദി. നമസ്ക്കാരം.

(മെഗഫോൺ തൊപ്പിയായി തലയിൽ വച്ച് ഒരു വശത്തേക്ക് നടന്നു മറയുന്നു.)

★